തിയതിയിലെ NFSA5-34200/2022 നമ്പർ പ്രകാരം www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ ഇംഗ്ളീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഇ ടെൻഡർ നോട്ടീസിലെ ടെൻഡർ നിബന്ധനകളുടെ ഏകദേശ മലയാള പരിഭാഷയാണ് ചുവടെ ചേർത്തിട്ടുള്ളത് , ഇത് ടെൻഡർ സമർപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് സാമാന്യ അവബോധം ഉണ്ടാക്കുന്നതിന് വേണ്ടി മാത്രമാണ് . ഇതൊരു സ്റ്റാട്യൂട്ടറി രേഖയായി പരിഗണിക്കുന്നതല്ല. ബാങ്ക് റെമിറ്റൻസ് , GPS തുടങ്ങിയ സാങ്കേതിക വിഷയങ്ങളെ സംബന്ധിച്ച നിർദ്ദേശങ്ങൾ ഇംഗ്ളീഷിൽ തന്നെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത് . കൃത്യവും ആധികാരികവും ഔദ്യോഗികവുമായ വിവരങ്ങൾക്ക് ഇംഗ്ലീഷ് ഭാഷയിലുള്ള ടെൻഡർ നോട്ടീസ് , ഷെഡ്യൂൾ I ടെക്നിക്കൽ ബിഡ് , ബി ഓ ക്യു എന്നിവ പരിശോധിക്കേണ്ടതാണ് . **<u>ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടെൻഡർ നോട്ടീസ്, ഷെഡ്യൂൾ I ടെക്നിക്കൽ ബിഡ്, ബി ഓ ക്യൂ തുടങ്ങിയ ടെൻഡർ രേഖകൾ മാത്രമേ ടെൻഡർ അപ്‌ലോഡ് ചെയ്യുന്നതിനും , മറ്റ് ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കാവൂ .</u>**

**കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്**
**<u>(മാവേലി ഭവൻ, ഗാന്ധി നഗർ, കൊച്ചി – 20)</u>**

**NFSA5-34200/2022** **തീയതി: 18-01-2023**

<u>ടെൻഡർ നോട്ടീസ്(മലയാള പരിഭാഷ)</u>

സപ്ളൈക്കോ NFSA ഗോഡൗണുകളിലേക്ക് FCI ഡിപ്പോ ,CMR മില്ലുകൾ എന്നിവിടങ്ങളിൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്നതിനും , NFSA ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനും ട്രാൻസ്പോർട്ടേഷൻ & ആയതിന്റെ ഹാൻഡ്‌ലിംഗ് ജോലികൾ നിർവ്വഹിക്കുന്നതിലേക്കായി ചുവടെ ചേർക്കുന്ന താലൂക്കുകളിൽ ഇ ടെൻഡർ ക്ഷണിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ :-

## കുട്ടനാട് ,ചെങ്ങന്നൂർ ,കുന്നത്തൂർ ,കരുനാഗപ്പിള്ളി ,ഒറ്റപ്പാലം ,തലപ്പിള്ളി , കുന്നംകുളം ,തൃശൂർ ചാലക്കുടി,മുകുന്ദപുരം ചാവക്കാട്

വിഷയം :- KSCSC – NFS ആക്ട് 2013ന്റെ നടപ്പിലാക്കൽ - സപ്ലൈകോ ഡിപ്പോകൾ/FPS (റേഷൻ കടകൾ) ലേക്കുള്ള റേഷൻ സാധനങ്ങൾ (ഭക്ഷ്യധാന്യങ്ങൾ) ലിഫ്റ്റിംഗ്, ഗതാഗതം, കൈകാര്യം ചെയ്യൽ, വിതരണം - ഇവയ്ക്കുള്ള ഇ-ടെൻഡർ ക്ഷണിക്കുന്നത് - സംബന്ധിച്ച്

........

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 പ്രകാരം കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ്, (ഇനി മേൽ സപ്ളൈക്കോ എന്ന് വിളിക്കുന്നു) കേരള ഗവൺമെന്റിന്റെ അംഗീകൃത ഏജൻസി, 1955 ലെ അവശ്യ വസ്തു നിയമം സെക്ഷൻ 3 പ്രകാരം പുറപ്പെടുവിച്ച targetted പൊതുവിതരണ സംവിധാന (നിയന്ത്രണ) ഉത്തരവ് 2015 പ്രകാരം സോഴ്സ് ഗോഡൗണുകളിൽ നിന്ന് (എഫ്സിഐ ഡിപ്പോകൾ/സിഎംആർ ഗോഡൗണുകൾ) ഭക്ഷ്യധാന്യങ്ങൾ ട്രാൻസ്പോർട്ടേഷൻ നടത്തി എടുക്കുന്നതിനും ഡെസ്റ്റിനേഷൻ ഗോഡൗണിന്റെ (സപ്ലൈകോ താലൂക്ക് എൻഎഫ്എസ്എ ഡിപ്പോ/ എഫ്പിഎസ് (മുമ്പ് എആർഡികൾ എന്നറിയപ്പെട്ടിരുന്നു) വാതിൽപ്പടികളിൽ എത്തിക്കുന്നതിനും) വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സപ്ലൈകോ ഇ-ടെൻഡറുകൾ ക്ഷണിക്കുന്നു . മുകളിൽ പ്രതിപാദിച്ചിട്ടുള്ള ജോലികൾ നിർവ്വഹിക്കുന്നതിനുള്ള നിരക്കുകൾ **ഓരോന്നിനും** **<u>രൂപ/ ക്വിന്റൽ</u>** രേഖപ്പെടുത്തേണ്ടതാണ് .

## I. <u>നിർവ്വഹിക്കേണ്ട ജോലിയുടെ സംക്ഷിപ്ത വിവരണം:</u>

1. വിവിധ FCI ഡിപ്പോകളിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങൾ ലിഫ്റ്റിംഗ്, ലോഡിംഗ്, സ്റ്റാക്കിങ്ങ്, കവറിംഗ്, ടൈയിംഗ് , വെയ്മെന്റ് , ട്രാൻസ്പോർട്ടേഷൻ എന്നിവയും സപ്ലൈകോ താലൂക്ക് എൻഎഫ്എസ്എ ഡിപ്പോകളിൽ ശാസ്ത്രീയമായ രീതിയിൽ അൺലോഡിംഗ്, വെയ്മെന്റ്, സ്റ്റാക്കിംഗ്* എന്നിവ FIFO (ആദ്യം എത്തി ചേർന്നത് ആദ്യം വിതരണം നടത്താവുന്ന)

പാലിക്കാവുന്ന രീതിയിൽ OIC യുടെ നിർദ്ദേശാനുസരണം ഇറക്കി , അടുക്കിവയ്ക്കൽ* .

2. വിവിധ CMR മില്ലുകളിൽ നിന്നുള്ള ഭക്ഷ്യധാന്യങ്ങൾ ലിഫ്റ്റിംഗ്, ലോഡിംഗ്, സ്റ്റാക്കിംഗ്, കവറിംഗ്, ടൈയിംഗ്, വെയ്മെന്റ്, ട്രാൻസ്പോർട്ടേഷൻ എന്നിവയും സപ്ലൈകോ താലൂക്ക് NFSA ഡിപ്പോയിൽ ശാസ്ത്രീയമായ രീതിയിൽ അൺലോഡിംഗ്, വെയ്മെന്റ്, സ്റ്റാക്കിംഗ്* എന്നിവ FIFO (ആദ്യം എത്തി ചേർന്നത് ആദ്യം വിതരണം നടത്താവുന്ന) പാലിക്കാവുന്ന രീതിയിൽ OIC യുടെ നിർദ്ദേശാനുസരണം ഇറക്കി , അടുക്കിവയ്ക്കൽ* .
3. സപ്ലൈകോ താലൂക്ക് NFSA ഡിപ്പോകളിൽ നിന്നുള്ള റേഷൻ സാധനങ്ങൾ അതായത് അരി, ഗോതമ്പ്, പഞ്ചസാര, ആട്ട അല്ലെങ്കിൽ മറ്റേതെങ്കിലും റേഷൻ സാധനങ്ങൾ ലോഡ് ചെയ്യൽ, അടുക്കിവയ്ക്കൽ, കവറിംഗ്, കെട്ടൽ, തൂക്കം, ഗതാഗതം എന്നിവയും താലൂക്കിനുള്ളിലെ FPS(ARD)കളിൽ ഇറക്കലും/ തൂക്കം ബോധ്യപ്പെടുത്തി / അടുക്കിവെക്കലും. FIFO പ്രകാരം ഗുണനിലവാരമുള്ള ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യാൻ പരമാവധി ശ്രദ്ധിക്കണം.
4. ക്രമ നമ്പർ 3 ൽ സൂചിപ്പിച്ചതിൻ പ്രകാരം NFSA ഡിപ്പോകളിൽ നിന്നും അടുത്തുള്ള താലൂക്കുകളിലേക്ക് ഡിപ്പോ മാനേജരുടെ നിർദ്ദേശ പ്രകാരം സാധനങ്ങൾ എത്തിക്കുന്നതിനുള്ള ജോലികൾ നിർവ്വഹിക്കേണ്ടതാണ് .
5. റേഷൻ കടകളിൽ വാതിൽപ്പടി വിതരണം നടത്തുമ്പോൾ റേഷൻ സാധനങ്ങളുടെ തൂക്കം കരാറുകാരൻ FPS-ന്റെ ലൈസൻസിയെ/വിൽപ്പനക്കാരനെ ബോധ്യപ്പെടുത്തണം.

*എൻഎഫ്എസ്എ ഗോഡൗണിന്റെ പരമാവധി സംഭരണശേഷി ഉപയോഗപ്പെടുത്തുന്നതിന് ഡിപ്പോ മാനേജരുടെ നിർദേശ പ്രകാരം ശാസ്ത്രീയമായ രീതിയിലും സാധ്യമായ ഉയരംവരെയും ഒരു ഗോഡൗണിൽ ബാഗുകൾ അടുക്കി വക്കേണ്ടതാണ്. ഇക്കാര്യത്തിൽ സപ്ലൈകോ അധിക ചാർജുകളൊന്നും നൽകുന്നതല്ല. .മുകളിലുള്ള നിബന്ധനകൾ പാലിക്കുന്നതിൽ ട്രാൻസ്പോർട്ടിംഗ് കോൺട്രാക്ടർ വീഴ്ച്ച വരുത്തിയാൽ, അൺലോഡിംഗ്, സ്റ്റാക്കിംഗ് ചാർജുകൾ അവരുടെ പേയ്മെന്റിൽ നിന്ന് കുറയ്ക്കും.

ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പ് ടെണ്ടർ ചെയ്യുന്നയാൾ പ്രവർത്തന മേഖല, ഗോഡൗണിന്റെ സ്ഥാനം, വലിപ്പം , ജോലിയുടെ സ്വഭാവം തുടങ്ങിയവയെക്കുറിച്ച് പൂർണ്ണമായി അറിഞ്ഞിരിക്കണം. ഒരു പാർട്ടി ഒരിക്കൽ ടെണ്ടർ സമർപ്പിച്ചുകഴിഞ്ഞാൽ, അയാൾ ജോലിയുടെ സ്വഭാവം പൂർണ്ണമായി ഉൾക്കൊണ്ടിട്ടുള്ളതായി കണക്കാക്കും. ജോലിയുടെയും അതുമായി ബന്ധപ്പെട്ട കാര്യങ്ങളുടെയും , ഗോഡൗണുകളുടെ വലിപ്പം സ്ഥാനം അല്ലെങ്കിൽ മറ്റ് ഘടകങ്ങൾ എന്നിവയിൽ എന്തെങ്കിലും പൊരുത്തക്കേട് മൂലം ഉണ്ടാകുന്ന ഒരു നഷ്ടപരിഹാരത്തിനും അയാൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

സപ്ലൈകോയുടെ താലൂക്ക് എൻഎഫ്എസ്എ ഡിപ്പോകളുടെ പേരും ടെലിഫോൺ നമ്പറുകളും **അനുബന്ധം I-** ൽ നൽകിയിരിക്കുന്നു. ഗതാഗത ടെൻഡറിനുള്ള വിശദാംശങ്ങൾ, നിലവിലുള്ള ഗതാഗത, കൈകാര്യം ചെയ്യൽ നിരക്കുകൾ, താലൂക്കിലെ റേഷൻ കടകളുടെ വിശദാംശങ്ങൾ, നിലവിലെ ഗതാഗത കരാറിന്റെ കാലാവധി തുടങ്ങിയവ ബന്ധപ്പെട്ട താലൂക്ക് ഡിപ്പോകളിൽ നിന്ന് ലഭിക്കും. ഈ ടെണ്ടർ വിജ്ഞാപനം പ്രകാരമുള്ള ഗതാഗത കരാർ നിലവിലുള്ള ഗതാഗത കരാറിന്റെ കാലാവധി അവസാനിച്ചതിന് ശേഷം മാത്രമേ ആരംഭിക്കൂ. നിലവിൽ താത്കാലിക ക്രമീകരണത്തിലൂടെ ഗതാഗത കരാർ നടത്തുന്ന ഡിപ്പോകളിൽ, കരാർ ഉടമ്പടിയിൽ ഏർപ്പെടുന്ന ഉടനെ ഗതാഗത കരാർ നിലവിൽ വരുന്നതാണ് .

**II <u>നിബന്ധനകളും വ്യവസ്ഥകളും</u>**

1. **ഇ ടെൻഡർ വെബ്സൈറ്റിലൂടെ (www.etenders.kerala.gov.in** ) പൂരിപ്പിച്ച ടെൻഡർ

രേഖ സമർപ്പിക്കാനുള്ള അവസാന തീയതി **10-02-2023 വൈകുന്നേരം 5 മണി വരെ.**

2. രേഖപ്പെടുത്തുന്ന നിരക്കുകൾ ടെൻഡർ/ കരാർ അവാർഡ് ചെയ്യുന്ന തിയതി മുതൽ ഒരു വർഷത്തേക്ക് സാധുവായിരിക്കും .

3. കരാറിന്റെ കാലാവധി നിരക്കിൽ വ്യത്യാസമില്ലാതെയും നിബന്ധനകളിൽ മാറ്റമില്ലാതെയും മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകുന്നതിന് സപ്ളൈക്കോക്ക് അധികാരമുണ്ടായിരിക്കും.

4. ടെണ്ടറുകൾ സമർപ്പിക്കുന്ന ടെണ്ടർമാർ കഴിഞ്ഞ **3 വർഷമായി ആദായനികുതി അടയ്ക്കുന്നവരും** ആദായനികുതി റിട്ടേൺ സമർപ്പിച്ചവരുമായിരിക്കണം.

5. **ഏതൊരു കാരണവും കൂടാതെ ടെൻഡർ / ടെൻഡറുകൾ സ്വീകരിക്കുന്നതിനൊ നിരാകരിക്കുന്നതിനൊ റീടെൻഡർ ചെയ്യ് പൂർണ്ണമായോ ഭാഗികമായോ വർക്ക് അനുവദിക്കുന്നതിനും സപ്ളൈക്കോക്ക് അധികാരമുണ്ടായിരിക്കും .**

6. **ഇ. എം . ഡി (നിരത ദ്രവ്യം) :**

ടെണ്ടർമാർ അവരുടെ ബിഡുകൾ **5,00,000 (അഞ്ച് ലക്ഷം രൂപ മാത്രം) രൂപയുടെ ഇഎംഡി സഹിതം** ഇ-പ്രോക്യൂർമെന്റ് സിസ്റ്റത്തിൽ നൽകിയിരിക്കുന്ന ഇ-പേയ്മെന്റ് സൗകര്യം വഴി.**സമർപ്പിക്കണം.**

**ഓൺലൈൻ പേയ്മെന്റ് മോഡുകൾ** : ഇ-പ്രൊക്യുർമെന്റ് സിസ്റ്റം നൽകുന്ന ഇ-പേയ്മെന്റ് സൗകര്യം വഴി **അപേക്ഷാ ഫീസും (Rs.2500/-)** ഇഎംഡിയും ഇനിപ്പറയുന്ന രീതിയിൽ അടയ്ക്കാം:

**State Bank of India Multi Option Payment System (SBI MOPS Gateway)**: Bidders are required to avail Internet Banking Facility in any of below banks for making tender remittances in eProcurement System.

| **A) Internet Banking Options (Retail)** | | | |
|---|---|---|---|
| 1 | Allahabad Bank | 32 | Kotak Mahindra Bank |
| 2 | Axis Bank | 33 | Lakshmi Vilas Bank |
| 3 | Andhra Bank | 34 | Mehsana Urban Co-op Bank |
| 4 | Bandan Bank | 35 | NKGSB Co-operative Bank |
| 5 | Bank of Bahrain and Kuwait | 36 | Oriental Bank of Commerce |
| 6 | Bank of Baroda | 37 | Punjab and Maharashtra Cooperative Bank |
| 7 | Bank of India | 38 | Punjab National Bank |
| 8 | Bank of Maharashtra | 39 | Punjab and Sind Bank |
| 9 | Bassein Catholic Co-operative Bank | 40 | RBL Bank |
| 10 | BNP Paribas | 41 | Saraswat Cooperative Bank |
| 11 | Canara Bank | 42 | ShamraoVithal Cooperative Bank |
| 12 | Catholic Syrian Bank | 43 | South Indian Bank |
| 13 | Central Bank of India | 44 | Standard Chartered Bank |
| 14 | City Union Bank | 45 | State Bank of India |
| 15 | Corporation Bank | 46 | Syndicate Bank |
| 16 | Cosmos Bank | 47 | Tamilnad Mercantile Bank |
| 17 | DCB Bank | 48 | Tamilnadu Cooperative Bank |
| 18 | Dena Bank | 49 | The Kalyan Janata Sahakari Bank |
| 19 | Deutsche Bank | 50 | TJSB Bank (Erstwhile Thane Janata Sahakari Bank) |
| 20 | Dhanalaxmi Bank | 51 | UCO Bank |
| 21 | Federal Bank | 52 | Union Bank of India |
| 22 | HDFC Bank | 53 | United Bank of India |
| 23 | ICICI Bank | 54 | Vijaya Bank |
| 24 | IDBI Bank | 55 | YES Bank |
| 25 | Indian Bank | | |
| 26 | Indian Overseas Bank | | |
| 27 | IndusInd Bank | | |

| | | | |
|---|---|---|---|
| 28 | Jammu & Kashmir Bank | | |
| 29 | Janata Sahakari Bank | | |
| 30 | Karnataka Bank | | |
| 31 | Karur Vysya Bank | | |
| **B) Internet Banking Options (Corporate)** | | | |
| 1 | Bank of Baroda | 21 | Laxmi Vilas Bank |
| 2 | Bank of India | 22 | Oriental Bank of Commerce |
| 3 | Bank of Maharashtra | 23 | Punjab & Maharashtra Coop Bank |
| 4 | BNP Paribas | 24 | Punjab & Sind Bank |
| 5 | Canara Bank | 25 | Punjab National Bank |
| 6 | Catholic Syrian Bank | 26 | RBL Bank |
| 7 | City Union Bank | 27 | ShamraoVitthal Co-operative Bank |
| 8 | Corporation Bank | 28 | South Indian Bank |
| 9 | Cosmos Bank | 29 | State Bank of India |
| 10 | Deutsche Bank | 30 | Syndicate Bank |
| 11 | Development Credit Bank | 31 | UCO Bank |
| 12 | Dhanalaxmi Bank | 32 | Union Bank of India |
| 13 | Federal Bank | 33 | UPPCL |
| 14 | HDFC Bank | 34 | Vijaya Bank |
| 15 | ICICI Bank | 35 | Axis Bank |
| 16 | Indian Overseas Bank | | |
| 17 | JantaSahakari Bank | | |
| 18 | Jammu & Kashmir Bank | | |
| 19 | Karur Vysya Bank | | |
| 20 | Kotak Bank | | |

During the online bid submission process, bidder shall select ***SBI MOPS***option and submit the page, to view the ***Terms and Conditions*** page. On further submitting the same, the e-Procurement system will re-direct the bidder to MOPS Gateway, where two options namely ***SBI*** and ***Other Banks**** will be shown. Here,Bidder may proceed as per below:

a) *SBI Account Holders*shall click ***SBI*** option to with its Net Banking Facility., where bidder can enter their internet banking credentials and transfer the Tender Fee and EMD amount.
b) *Other Bank Account Holders* may click ***Other Banks***optionto view the bank selection page. Here, bidders can select from any of the 54 Banks to proceed with its Net Banking Facility, for remitting tender payments.

**Transaction Charges for Other Banks vide SBI Letter No. LHO/TVM/AC/2016-17/47 – 1% of transaction value subject to a minimum of Rs. 50/- and maximum of Rs. 150/-*

** Bidders who are using Other Banks option under SBI MOPS Payment Gateway, are advised by SBI to make online payment 72 hours in advance before tender closing time.*

Any transaction charges levied while using any of the above modes of online payment has be borne by the bidder. The supplier/contractor's bid will be evaluated only if payment status against bidder is showing "**Success**" during bid opening. ഇ ടെൻഡറിനായി ലിങ്ക് ചെയ്യിരിക്കുന്ന സപ്ലൈക്കോ ബാങ്ക് അക്കൗണ്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :-

Account No:10246780858

Beneficiary Name:Kerala State Civil supplies Corporation Ltd.

Bank:State Bank of India

Branch:Commercial Branch Palarivattom

IFSC:SBIN0004062

**അപ്ലിക്കേഷൻ ഫീ , നിരത ദ്രവ്യ തുക (EMD ) എന്നിവ ഇ-പ്രോക്യൂർമെന്റ് സിസ്റ്റത്തിൽ നൽകിയിരിക്കുന്ന ഇ-പേയ്മെന്റ് സൗകര്യം വഴി അടവാക്കേണ്ടതാണ് .**

**SUBMISSION PROCESS:**

For submission of bids, all interested bidders have to register online as explained above in this document. After registration, bidders shall submit their Technical bid and Financial bid online on www.etenders.kerala.gov.in along with online payment of tender document fees and EMD.

**It is necessary to click on "Freeze bid" link/ icon to complete the process of bid submission otherwise**

**the bid will not get submitted online and the same shall not be available for viewing/ opening during bid opening process**.

മേൽപ്പറഞ്ഞ ഏതെങ്കിലും ഓൺലൈൻ പേയ്മെന്റ് രീതികൾ ഉപയോഗിക്കുമ്പോൾ ഉണ്ടാകുന്ന ഇടപാട് ചാർജുകൾ ടെണ്ടർ സമർപ്പിക്കുന്ന ആൾ വഹിക്കേണ്ടതാണ് . ബിഡ് തുറക്കുന്ന സമയത്ത് Payment status "Success" കാണിക്കുന്ന ടെൻഡറർമാരുടെ ബിഡ് മാത്രമേ Evaluate ചെയ്യുകയുള്ളൂ .

ടെണ്ടർ സമർപ്പിച്ചതിന് ശേഷം ടെൻഡർ ചെയ്യുന്നയാൾ തന്റെ ഓഫർ പിൻവലിക്കുകയോ / പരിഷ്കരിക്കുകയോ അല്ലെങ്കിൽ നിബന്ധനകളിൽ/ വ്യവസ്ഥകളിൽ വ്യതിചലിക്കുകയോ ചെയ്താൽ ഏണസ്റ്റ് മണി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതായിരിക്കും .

ടെൻഡർ സ്വീകരിച്ചതിന് ശേഷം ഏതെങ്കിലും വിധത്തിൽ. നിശ്ചിത തീയതിക്കകം ആവശ്യമായ സെക്യൂരിറ്റി ഡെപ്പോസിറ്റ് അടവാക്കുന്നതിൽ വീഴ്ച്ച വരുത്തിയാൽ ഏണസ്റ്റ് മണി ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതായിരിക്കും . ***ഒരു കാരണവശാലും ഇഎംഡി സമർപ്പിക്കുന്നതിനുള്ള ഇളവ് അനുവദിക്കില്ല.*** ടെൻഡറുകളുടെ കാര്യത്തിൽ തീരുമാനമെടുത്തതിന് ശേഷമോ അല്ലെങ്കിൽ ടെൻഡർ തീയതി കഴിഞ്ഞ് **150** ദിവസത്തിന് ശേഷമോ ഏതാണോ ആദ്യമെങ്കിൽ ടെൻഡറിൽ വിജയിക്കാത്ത എല്ലാ ടെണ്ടർമാർക്കും ഏണസ്റ്റ് മണി ഡെപ്പോസിറ്റ് തിരികെ നൽകുന്നതാണ് . ടെൻഡർ തുറന്ന തീയതി മുതൽ **120 ദിവസത്തേക്ക്** ടെൻഡർ ഓഫറുകൾക്ക് സാധുതയുണ്ടാകും . ഏത് സാഹചര്യത്തിലും EMD തുകയ്ക്ക് പലിശ അനുവദിക്കുന്നതല്ല . ബിഡ് സമർപ്പിച്ചതിന് ശേഷം എൽ1 ബിഡ്ഡർ ഒരു താലൂക്കിൽ ഏകപക്ഷീയമായി ബിഡ്ഡിൽ നിന്ന് പിന്മാറിയാൽ, അത്തരക്കാരുടെ താലൂക്കിൽ അടവാക്കിയ ഇഎംഡി കണ്ടുകെട്ടുന്നതും 25 ലക്ഷം രൂപ പിഴ ചുമത്തുന്നതുമായിരിക്കും. ഇപ്രകാരം L 1 ആയി പിന്മാറുന്നവർ മുകളിൽപ്പറഞ്ഞ പിഴ ഒടുക്കിയാൽ മാത്രമേ മറ്റേതെങ്കിലും താലൂക്കുകളിൽ L1 ആയി യോഗ്യത നേടിയാൽ ടെൻഡർ അനുവദിച്ച് നൽകുകയുള്ളൂ .

**സെക്യൂരിറ്റി ഡിപ്പോസിറ്റ്:**

എ. ടെൻഡർ ലഭിക്കുന്നവരുടെ ഏണസ്റ്റ് മണി ഡെപ്പോസിറ്റ് സെക്യൂരിറ്റി ഡെപ്പോസിറ്റിലേക്ക് വകയിരുത്തുന്നതാണ്. **ഒരു താലൂക്കിൽ ടെൻഡർ ലഭിക്കുന്ന ആൾ അടവാക്കേണ്ട ആകെ സെക്യൂരിറ്റി തുക 5 ലക്ഷം രൂപയാണ് .** കരാറിന്റെ തൃപ്തികരമായ പൂർത്തീകരണത്തിന് ശേഷം സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ റീഫണ്ട്/ റിട്ടേൺ ചെയ്യുന്നതാണ് . മുകളിൽ സൂചിപ്പിച്ച സെക്യൂരിറ്റി ഡെപ്പോസിറ്റിന് ഒരു പലിശയും അനുവദിക്കുന്നതല്ല . **സെക്യൂരിറ്റി ഡെപ്പോസിറ്റിന് പുറമെ ടെണ്ടർ ലഭിക്കുന്ന ആൾ അഞ്ച് ലക്ഷം രൂപയുടെ ബാങ്ക് ഗ്യാരണ്ടിയും നൽകണം** .

**ബി.** ടെൻഡർ ലഭിച്ച ആൾ ടെണ്ടറിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കുകയോ ആയത് പാലിക്കുന്നതിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ ഏകപക്ഷീയമായി പിന്മാറുകയോ ടെൻഡർ പ്രകാരം നൽകിയ ജോലി/ കരാർ ഉപേക്ഷിക്കുകയോ ചെയ്താൽ, ടെൻഡർ റദ്ദാക്കുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും ബാങ്ക് ഗ്യാരണ്ടിയും കണ്ടുകെട്ടുകയും ചെയ്യും. അത്തരം സന്ദർഭങ്ങളിൽ, കരാർ പൂർണ്ണമായോ ഭാഗികമായോ മറ്റേതെങ്കിലും കരാറുകാർക്ക് നൽകുന്നതാണ് . ഇത്തരത്തിൽ സപ്ളൈക്കോക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം , വീഴ്ച്ച വരുത്തിയ കരാറുകാരന്റെ സെക്യൂരിറ്റി തുകയേക്കാൾ കൂടുതലാണെങ്കിൽ ആയത് REVENUE റിക്കവറി ഉൾപ്പടെയുള്ള നടപടികൾ മുഖേന ഈടാക്കുന്നതാണ്.

**7. ടെൻഡർ സംബന്ധിച്ച വിവരങ്ങൾ:**

ടെണ്ടർ സമർപ്പിക്കുന്നവർ Technical ബിഡ് വിഭാഗത്തിലും (ഷെഡ്യൂൾ - I) ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ പൂർണ്ണവും കൃത്യവുമായി നൽകണം . കൂടാതെ നൽകിയിട്ടുള്ള വിവരങ്ങൾ കൃത്യമല്ലാത്തതോ തെറ്റിദ്ധരിപ്പിക്കുന്നതോ ആയാൽ ടെണ്ടർ സ്വീകരിക്കാതിരിക്കാൻ ഇടയാക്കിയേക്കാം.

**8. ടെൻഡർ സമർപ്പിക്കൽ**

ഇത് ഒരു ഇ-ടെൻഡർ ആണ്, കൂടാതെ സപ്ലൈകോ വിജ്ഞാപനം ചെയ്ത FCI/CMR ഗോഡൗണുകളിൽ നിന്ന് NFSA ഡെസ്റ്റിനേഷൻ ഗോഡൗണുകൾ/എഫ്പിഎസിലേക്ക് ഭക്ഷ്യധാന്യങ്ങൾ ലിഫ്റ്റിംഗ്, ഗതാഗതം, കൈകാര്യം ചെയ്യൽ, വിതരണം എന്നിവയ്ക്കായി ഓൺലൈനായി പ്രസിദ്ധീകരിക്കുന്നു. കേരള സർക്കാരിന്റെ ഇ-പ്രോക്യൂർമെന്റ് പോർട്ടൽ വഴിയാണ് ടെൻഡർ ക്ഷണിക്കുന്നത് (https://www.etenders.kerala.gov.in ). E-ടെൻഡറിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടെണ്ടർമാർ മുകളിൽ സൂചിപ്പിച്ച ഇ-പ്രൊക്യൂർമെന്റ് പോർട്ടലിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യണം.

**A). Online Tenderer registration process:**

Tenderers should have a Class II or above Digital Signature Certificate (DSC) to be procured from any Registration Authorities (RA) under the Certifying Agency of India. Details of RAs will be available on www.cca.gov.in. Once, the DSC is obtained,tenderers have to register on www.etenders.kerala.gov. in website for participating in this tender. Website registration is a one-time process without any registration fees. However, tenderers have to procure DSC at their own cost.

Tenderers may contact e-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788,2764188 or 0483-2732941 , 0471 – 2577088, 0471 – 2577188 , 0471 – 2577388, 0484 – 2336006, 0484 – 2332262 , 0497 – 2764788 , 0497 – 2764188 0483-2732941 or through email: etendershelp@kerala.gov.in or helpetender@gmail.com, helpetenderekm@gmail.com , helpetenderknr@gmail.com helpetendermlp@gmail.com for assistance in this regard.

**After registration, tenderers shall submit their Technical bid and Commercial bid online on www.etenders.kerala.gov.in along with online payment of EMD.**

**B). Online Tender Process:**

The tender process shall consist of the following stages:

i **Downloading of tender document**: Tender document will be available for download on .etenders.kerala.gov.in. The bidder shall pay a tender fee of Rs 2500/- by way of online payment in favour of Kerala State Civil Supplies Corporation which will be non refundable.

i **Bid submission**: Tenderers have to submit their bids along with supporting documents to support their eligibility, as required in this tender document on www.etenders.kerala.gov.in. No manual submission of bid is allowed and manual bids shall not be accepted under any circumstances.

i **Opening of Technical Bid and Tenderer short-listing**: The technical bids will be opened, evaluated and shortlisted as per the eligibility and technical qualifications. All documents in support of technical qualifications shall be submitted online. The documents required to be furnished during the technical evaluation process have to be furnished on the day of the technical evaluation of the Tender which will be intimated to the Tenderers. Failure to submit the required documents will attract disqualification. Bids shortlisted by this process will be taken up for opening the Commercial bid.

iv **Opening of Commercial Bids:** Bids of the qualified tenderers shall only be considered for opening and evaluation of the Commercial bid on the date and time mentioned in critical date's section.

**C). Documents Comprising Bid:**

**(i). The First Stage (Pre-Qualification or Technical bid):**

പ്രീ-ക്വാളിഫിക്കേഷൻ അല്ലെങ്കിൽ ടെക്നിക്കൽ ബിഡ് സംബന്ധിച്ച് ഇനിപ്പറയുന്ന ഡോക്യുമെന്റുകളുടെ **സ്കാൻ ചെയ്ത പകർപ്പുകൾ** ഓരോ ടെണ്ടറും അപ്‌ലോഡ് ചെയ്തിരിക്കണം

i) ടെണ്ടർ ഫോമിന്റെ **എല്ലാ പേജുകളിലും കയ്യൊപ്പ് രേഖപ്പെടുത്തണം .**

ii) Technical ബിഡ് ഫോം (ഷെഡ്യൂൾ I) **എല്ലാ പേജുകളിലും കൃത്യമായി പൂരിപ്പിച്ച് കയ്യൊപ്പ് രേഖപ്പെടുത്തണം .**

**iii)** ടെൻഡറുടെ മേൽ വിലാസവും, Identity യും തെളിയിക്കുന്ന രേഖകൾ

**iv)** 200/- രൂപ വിലയുള്ള മുദ്ര പത്രത്തിൽ സപ്ലൈകോ നിർദ്ദേശിച്ച ഫോർമാറ്റിൽ

കൃത്യമായി കയ്യൊപ്പിട്ട സത്യവാങ്മൂലം, അത് അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു. **(സാങ്കേതിക ബിഡ് മൂല്യനിർണ്ണയ വേളയിൽ യഥാർത്ഥ സത്യവാങ്മൂലം സമർപ്പിക്കണം)**

v) ഷെഡ്യൂൾ-I-ൽ ലിസ്റ്റുചെയ്തിരിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സ്കാൻ ചെയ്ത പകർപ്പുകൾ

vi) ടെണ്ടർ സമർപ്പിക്കുന്ന ആളുടെ കഴിഞ്ഞ 3 വർഷത്തെ ആദായ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ്

vii) ടെണ്ടർ സമർപ്പിക്കുന്ന ആളുടെ കഴിഞ്ഞ 6 മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്

**(ii). The Second Stage (*Commercial bid*):**

The Tenderer shall complete the Commercial bid as per format given for download along with this tender.

**Note**: The blank price bid should be downloaded and saved on tenderer's computer without changing file-name otherwise price bid will not get uploaded. The tenderer should fill in the details in the same file and upload the same back to the website.

**It is necessary to click on "Freeze bid" link/ icon to complete the process of bid submission otherwise the bid will not get submitted online and the same shall not be available for viewing/ opening during bid opening process**.

**9. ടെൻഡർ തുറക്കുന്നത് :-**

**13-02-2023 തിയതിയിൽ** ടെക്നിക്കൽ ബിഡ് സപ്ലൈകോ ഹെഡ് ഓഫീസിൽ തുറക്കും . Commercial ബിഡ്ഡുകൾ തുറക്കുന്നത് സാങ്കേതിക ബിഡുകൾ തുറന്നതിന് ശേഷം തീരുമാനിക്കും.

**10. ടെൻഡർ സമർപ്പിക്കുന്നതിനുള്ള യോഗ്യത :**

i ചുവടെ ചേർക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിക്കുന്നതിന് യോഗ്യരല്ല :

a. ശിക്ഷിക്കപ്പെട്ടതോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ക്രിമിനൽ കേസുകൾ നിലവിലുള്ളതോ ആയ വ്യക്തികൾ/സ്ഥാപനങ്ങൾ.

b. അവശ്യവസ്തു നിയമം 1955 , കേരള റേഷനിംഗ് ഓർഡർ 1966 അല്ലെങ്കിൽ PDS-നുള്ള മറ്റേതെങ്കിലും ചട്ടം/നിയമങ്ങൾ അല്ലെങ്കിൽ സപ്ലൈകോ രജിസ്റ്റർ ചെയ്തിട്ടുള്ള ഏതെങ്കിലും പരാതി/എഫ്ഐആർ പ്രകാരം ഫയൽ ചെയ്ത ഏതെങ്കിലും കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള ഒരു വ്യക്തി അല്ലെങ്കിൽ അവരുടെ അടുത്ത ബന്ധുക്കൾ (പങ്കാളിത്ത സ്ഥാപനത്തിന്റെ കാര്യത്തിൽ- പങ്കാളികളിലൊരാൾ അല്ലെങ്കിൽ അവരുടെ അടുത്ത ബന്ധുക്കൾ, കമ്പനിയുടെ കാര്യത്തിൽ കമ്പനി അംഗങ്ങൾ ഡയറക്ടർ അല്ലെങ്കിൽ അവരുടെ അടുത്ത ബന്ധുക്കൾ)

c. സപ്ലൈക്കോ ബ്ലാക്ക് ലിസ്റ്റ് ചെയ്ത വ്യക്തികൾ / സ്ഥാപനങ്ങൾ മുതലായവയും , അപ്രകാരം കുറ്റം ചുമത്തപ്പെട്ടതോ / ശിക്ഷിക്കപ്പെട്ടവരുമായവരുടെ അടുത്ത ബന്ധുക്കളോ കുടുംബാംഗങ്ങളോ ആയവർ

d. റേഷൻ കടയുടെ ലൈസൻസ് ഉടമ അല്ലെങ്കിൽ അവന്റെ/അവളുടെ അടുത്ത ബന്ധു അല്ലെങ്കിൽ അസോസിയേഷൻ/ റേഷൻ കടയുടെ ലൈസൻസികൾ രൂപീകരിച്ച ഏതെങ്കിലും തരത്തിലുള്ള അസോസിയേഷന്റെ ഓഫീസ് ഭാരവാഹികൾ.

e. സംസ്ഥാനത്ത് അരി/ഗോതമ്പ് എന്നിവയുടെ മൊത്ത/ചില്ലറ വ്യാപാരം നടത്തുന്ന വ്യക്തികൾ അല്ലെങ്കിൽ അവന്റെ/അവളുടെ അടുത്ത ബന്ധുക്കൾ.

f. സദാചാര ദുർനടപ്പ് ഉൾപ്പടെ പോലുള്ള ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായിട്ടുള്ള വ്യക്തി / സ്ഥാപനത്തിന്റെ പങ്കാളികൾ / കമ്പനിയുടെ ഡയറക്ടർമാർ എന്നിവർ ടെൻഡറിൽ പങ്കെടുക്കാൻ യോഗ്യരല്ല .

g. ഗതാഗത കരാറിനോ മറ്റാവശ്യങ്ങൾക്കോ സപ്ലൈക്കോയുമായി കരാറിലേർപ്പെട്ട് അന്വേഷണത്തിന്റെയോ പരിശോധനയുടെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലോ നിബന്ധനകളോ , വ്യവസ്ഥകളോ പാലിക്കാത്തതിനാലോ നടപടികളുടെ ഭാഗമായി കരാർ / ജോലികൾ റദ്ദാക്കുകയോ/ അവസാനിപ്പിക്കുകയോ ചെയ്ത വ്യക്തികൾ / സ്ഥാപനങ്ങൾ

**h.** ഏതെങ്കിലും ജുഡീഷ്യൽ ഫോറ**ം** **പാപ്പരായി** പ്രഖ്യാപിക്കപ്പെട്ട വ്യക്തികൾ/സ്ഥാപനങ്ങൾ **.**

**i. സപ്ലൈകോ/സിവിൽ സപ്ലൈസ് വകുപ്പിൽ സ്ഥിരം/കരാർ/ദിവസവേതനം/ഡെപ്യൂട്ടേഷൻ/ജീവനക്കാരായി ജോലി ചെയ്യുന്ന വ്യക്തികൾ അല്ലെങ്കിൽ അവന്റെ/അവളുടെ കുടുംബാംഗങ്ങൾ.**

**j. സപ്ലൈക്കോയുടെയോ മറ്റ് സർക്കാർ ഏജൻസികളുടെയോ പൊതുമേഖലാ സംരംഭങ്ങളുടെയോ കരാർ / ജോലികൾ അനുവദിച്ചതിന് ശേഷം ടി കരാർ / ജോലികൾ നിർവ്വഹിക്കുന്നതിൽ പരാജയപ്പെടുകയും , ടെൻഡർ തുറക്കുന്ന തിയതിയിൽ സപ്ലൈക്കോ യഥാവിധി ബ്ലാക്ക് ലിസ്റ്റ് ചെയ്ത വ്യക്തികൾ .**

## 11. <u>അടുത്ത ബന്ധുക്കൾ എന്നതിന്റെ നിർവചനം</u>

ഈ ടെൻഡർ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്നവരെ അടുത്ത ബന്ധുവായി കണക്കാക്കുന്നു

a. ഭാര്യ /ഭർത്താവ്
b. പിതാവ് - "പിതാവ്" എന്ന പദത്തിൽ രണ്ടാനച്ഛൻ ഉൾപ്പെടുന്നു
c. അമ്മ - "അമ്മ" എന്ന പദത്തിൽ രണ്ടാനമ്മ ഉൾപ്പെടുന്നു
d. മകൻ - " മകൻ " എന്ന പദത്തിൽ ഭർത്താവിന്റെയോ ഭാര്യയുടേയോ മുന്ബന്ധത്തിലെ പുത്രന് ഉൾപ്പെടുന്നു
e. മകൾ - "മകൾ" എന്ന പദത്തിൽ ഭർത്താവിന്റെയോ ഭാര്യയുടേയോ മുന്ബന്ധത്തിലെ പുത്രി ഉൾപ്പെടുന്നു
f. സഹോദരൻ - "സഹോദരൻ" എന്ന പദത്തിൽ രണ്ടാനച്ഛന്റെയോ/രണ്ടാനമ്മയുടെയോ മുൻ ബന്ധത്തിലുള്ള മകൻ ഉൾപ്പെടുന്നു
g. സഹോദരി - "സഹോദരി" എന്ന പദത്തിൽ രണ്ടാനച്ഛന്റെയോ/രണ്ടാനമ്മയുടെയോ മുൻ ബന്ധത്തിലുള്ള മകൾ ഉൾപ്പെടുന്നു
h. മരുമകൻ
i. മരുമകൾ
j. ഭാര്യാപിതാവ്/ഭർതൃപിതാവ്
k. ഭാര്യാമാതാവ്/ഭർതൃ മാതാവ്
l. അളിയൻ
m. നാത്തൂൻ
n. മുത്തച്ഛനും മുത്തശ്ശിയും
o. ടെൻഡററുടെ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊരു വ്യക്തിയും

## 12. <u>ടെണ്ടറുകൾ സ്വീകരിക്കുന്നത്</u> :

എല്ലാ സാങ്കേതികവും ഭരണപരവുമായ വ്യവസ്ഥകൾ പൂർണ്ണമായി തൃപ്തികരമാണെങ്കിൽ സപ്ലൈകോ സാധാരണയായി ഏറ്റവും കുറഞ്ഞ ടെൻഡർ സ്വീകരിക്കുന്നു. പ്രവർത്തന സൗകര്യം കണക്കിലെടുത്ത്, ഒരു താലൂക്കിൽ ഒരു കരാറുകാരനെ ഒരു തരം/ വിഭാഗം പ്രവർത്തനത്തിനായി തിരഞ്ഞെടുക്കും, എന്നാൽ ആവശ്യമെങ്കിൽ, ഓരോ താലൂക്കിലെയും ഒന്നോ അതിലധികമോ ടെൻഡറർമാർക്ക്

പ്രവൃത്തിയുടെ ഏതെങ്കിലും അല്ലെങ്കിൽ എല്ലാ വിഭാഗങ്ങൾക്കും കരാർ നൽകും.

ടെണ്ടർ സമർപ്പിക്കുന്നവർ സപ്ലൈകോ നിർദ്ദേശിച്ച മാതൃകയിലുള്ള 200 രൂപ മൂല്യമുള്ള മുദ്ര പാത്രത്തിൽ ഒരു സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്, അത് അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു . സത്യവാങ്മൂലം നൽകുന്നതിൽ വീഴ്ചവരുത്തുന്നവരുടെ ടെൻഡർ അപേക്ഷകൾ നിരസിക്കപ്പെടും.

ടെൻഡർ ലഭിക്കുന്നവർക്ക് ടെൻഡർ സ്വീകരിച്ചത് സംബന്ധിച്ച അറിയിപ്പ് ഇ-മെയിൽ വഴിയോ/ഔപചാരിക കത്ത് വഴിയോ അല്ലെങ്കിൽ രണ്ടും മുഖേനയോ നൽകും. ടെൻഡർ ലഭിക്കുന്നവർ ഔപചാരിക കത്ത് ലഭിച്ച തീയതി മുതൽ 7 ദിവസത്തിനകം സപ്ലൈകോ നിർദ്ദേശിച്ച ഫോമിൽ കരാറിലേർപ്പെടണം . കരാറിലേർപ്പെട്ട ശേഷം ടെൻഡർ ലഭിച്ചവർക്ക് ഡിപ്പോ മാനേജർ ഒരു വർക്ക് ഓർഡർ നൽകുന്നതാണ് . ടെൻഡർ സ്വീകരിക്കുന്നത് സംബന്ധിച്ച കത്ത്, ടെൻഡർ രേഖകൾ, സത്യവാങ്മൂലം, കരാർ, വർക്ക് ഓർഡർ എന്നിവയെല്ലാം കരാറിന്റെ കാതലായിരിക്കും.

## 13. <u>ടെൻഡർ- ഒപ്പിടൽ</u>

ടെൻഡറിൽ ഒപ്പിടുന്ന വ്യക്തിയോ/വ്യക്തികളോ, അവൻ/അവർ/ഏത് പദവിയിലുള്ളവരാണെന്ന് വ്യക്തമാക്കണം. ഉദാഹരണത്തിന്, ഒരു സ്ഥാപനത്തിന്റെ പ്രൊപ്രൈറ്റർ എന്ന നിലയിലോ അല്ലെങ്കിൽ ഒരു ലിമിറ്റഡ് കമ്പനിയുടെ സെക്രട്ടറി/മാനേജിംഗ് ഡയറക്ടർ എന്ന നിലയിലോ.

പങ്കാളിത്ത സ്ഥാപനത്തിന്റെ കാര്യത്തിൽ, ടെൻഡറിൽ ഒപ്പുവയ്ക്കുന്ന വ്യക്തിക്ക് കരാറുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും എല്ലാ പങ്കാളികളെയും ബന്ധിപ്പിക്കുന്നതിന് യഥാവിധി വ്യവസ്ഥചെയ്യപ്പെട്ട അധികാരം ഉണ്ടായിരിക്കണം.ഇത് സംബന്ധിച്ച രേഖകളും പങ്കാളിത്ത രേഖയുടെ (Partnership Deed) സാക്ഷ്യപ്പെടുത്തിയ പകർപ്പും ടെൻഡറിനൊപ്പം സമർപ്പിക്കണം.

ലിമിറ്റഡ് കമ്പനിയുടെ കാര്യത്തിൽ ഡയറക്ടർമാരുടെ പേരുകൾ പരാമർശിക്കേണ്ടതും ടെൻഡറിൽ ഒപ്പിടുന്ന വ്യക്തിക്ക് കമ്പനിയുടെ പേരിൽ അങ്ങനെ ചെയ്യാൻ അധികാരമുണ്ടെന്ന് സാക്ഷ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച കമ്പനിയുടെ പ്രമേയം , കമ്പനിയുടെ മെമ്മോറാണ്ടത്തിന്റെയും ആർട്ടിക്കിൾസ് ഓഫ് അസോസിയേഷന്റെയും ഒരു പകർപ്പ് സഹിതം ടെൻഡറിനൊപ്പം ചേർക്കേണ്ടതാണ്.

ഹിന്ദു അവിഭക്ത കുടുംബത്തിന്റെ(Hindu Undivided Family) കാര്യത്തിൽ, കുടുംബാംഗങ്ങളുടെ പേരുകൾ വെളിപ്പെടുത്തേണ്ടതും ഒപ്പിന് താഴെ അവരുടെ പദവി സൂചിപ്പിക്കുകയും വേണം. ടെൻഡർ ഫോമിലോ ടെൻഡറിന്റെ ഭാഗമായുള്ള ഏതെങ്കിലും രേഖയിലോ , മറ്റൊരാൾക്ക് വേണ്ടിയോ സ്ഥാപനത്തിന് വേണ്ടിയോ ഒപ്പിടുന്ന വ്യകതി കരാറുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും തന്നെ അധികാരപ്പെടുത്തിയിട്ടുണ്ടെന്ന് പ്രസ്താവിച്ചിട്ടുള്ള ഒരു പവർ ഓഫ് അറ്റോർണി ഹാജരാക്കേണ്ടതാണ് .മേൽപ്പറഞ്ഞ പ്രകാരമുള്ള പവർ ഓഫ് അറ്റോർണി ഹാജരാകുന്നതിൽ കരാറിൽ ഒപ്പിടുന്ന വ്യക്തി പരാജയപ്പെട്ടാൽ അയാളുടെ ടെൻഡർ നിരുപാധികം നിരസിക്കുന്നതാണ് .

പങ്കാളിത്ത സ്ഥാപനത്തിന്റെ കാര്യത്തിൽ പവർ ഓഫ് അറ്റോർണിയിൽ എല്ലാ പങ്കാളികളും, പ്രൊപ്രൈറ്ററി സ്ഥാപനങ്ങളെ സംബന്ധിച്ച് Proprietor, ലിമിറ്റഡ് കമ്പനിയുടെ കാര്യത്തിൽ അധികാരപ്പെട്ട വ്യക്തി പവർ ഓഫ് അറ്റോർണി ഒപ്പ് വക്കേണ്ടതാണ് .ഹിന്ദു അവിഭക്ത കുടുംബത്തിന്റെ കാര്യത്തിൽ, പവർ ഓഫ് അറ്റോണിയിൽ കർത്ത ഒപ്പിടണം.

1. കരാർ കാലാവധിയിൽ കരാറുകാരൻ സപ്ലൈകോയുടെ മുൻകൂർ അനുമതിയില്ലാതെ സ്ഥാപനത്തിന്റെ ഭരണഘടനയിൽ ഒരു മാറ്റവും വരുത്തരുത്.
2. ഏതെങ്കിലും പങ്കാളിയുടെ/ഡയറക്ടർമാരുടെ മരണം/വിരമിക്കൽ/രാജി വക്കൽ എന്നിവ ഉണ്ടാകുമ്പോൾ ഉടനെ തന്നെ കരാറുകാരൻ സപ്ലൈകോയെ അറിയിക്കേണ്ടതാണ്.

## 14. <u>സബ് ലെറ്റിംഗ്</u>

കരാറുകാരൻ കരാറോ അതിന്റെ ഏതെങ്കിലും ഭാഗമോ മറ്റാർക്കെങ്കിലും കീഴ്

വാടകക്ക് കൊടുക്കുകയോ കൈമാറുകയോ/ നൽകുകയോ ചെയ്യരുത്.

**15. <u>കരാർ കാലയളവ്</u>**

കരാറിലേർപ്പെടുന്ന തീയതി മുതൽ **ഒരു വർഷത്തേക്കായിരിക്കും** കരാറിന്റെ കാലാവധി. കരാർ പ്രകാരമുള്ള നിരക്കിലോ കരാറിന്റെ വ്യവസ്ഥകളിലോ യാതൊരു മാറ്റവുമില്ലാതെ സപ്ലൈകോയുടെ ഓപ്ഷനിൽ കരാർ കാലാവധി മൂന്ന് മാസത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതായിരിക്കും. ഇപ്രകാരം ദീർഘിപ്പിച്ച കാലാവധിയിൽ ജോലികൾ ഏറ്റെടുത്ത് നിർവ്വഹിക്കുന്നതിൽ കരാറുകാർ വീഴ്ചവരുത്തിയാൽ കരാറുകാരന്റെ ചെലവിൽ മറ്റേതെങ്കിലും ട്രാൻസ്പോർട്ടറെ ഏർപ്പാടാക്കാൻ സപ്ലൈകോയ്ക്ക് സ്വാതന്ത്ര്യമുണ്ട് . അതായത് , അധിക ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കും. വീഴ്ച വരുത്തിയ കരാറുകാരന് എന്തെങ്കിലും പേയ്മെന്റ് നല്കുവാനുണ്ടെങ്കിൽ, മേൽപ്പറഞ്ഞ അധിക ചിലവ് ആ തുകയിൽ നിന്ന് ഈടാക്കും. കൂടാതെ സെക്യൂരിറ്റി ഡെപ്പോസിറ്റ്, ബാങ്ക് ഗ്യാരന്റി എന്നിവ കണ്ടുകെട്ടുന്നതുമാണ്.

കരാർ കാലയളവിൽ സപ്ലൈകോ എത്ര ജോലി എന്നത് സംബന്ധിച്ച് യാതൊരു ഉറപ്പും നൽകുന്നില്ല. സപ്ലൈകോയിൽ നിന്നും കാലാകാലങ്ങളിൽ അറിയിക്കുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി കരാറുകാരൻ റേഷൻ സാധനങ്ങളുടെ ഗതാഗത കരാർ ജോലികൾ നിർവഹിക്കണം. കരാറിന്റെ **കാലാവധിയിൽ കരാറുകാരൻ ഏറ്റെടുത്ത ജോലികൾ, കൃത്യമായി നിർവഹിക്കാൻ കഴിയുന്നില്ലെന്ന് കണ്ടെത്തുകയും അതിന്റെ ഫലമായി റേഷൻ സാധനങ്ങളുടെ വിതരണത്തിലെ തടസ്സം/അസാധാരണമായ കാലതാമസം എന്നിവ ഉണ്ടായാൽ, കരാർ അവസാനിപ്പിക്കാനും പുനഃക്രമീകരിക്കാനുമുള്ള അവകാശം സപ്ലൈകോയിൽ നിക്ഷിപ്തവും ആവശ്യമായ സാഹചര്യങ്ങളിൽ റേഷൻ സാധനങ്ങളുടെ സുഗമമായ വിതരണത്തിന് കരാറുകാരന്റെ ചെലവിൽ മറ്റ് കരാറുകാരെ നിയോഗിക്കുന്നതിനും സപ്ലൈകോക്ക് അധികാരമുണ്ടായിരിക്കുന്നതും കരാറുകാരന് യാതൊരു നഷ്ടപരിഹാരത്തിനും അർഹത ഉണ്ടായിരിക്കുന്നതുമല്ല .** കരാർ കാലാവധിയിൽ ഒരു നിശ്ചിത സമയപരിധിക്കുള്ളിൽ സർക്കാരിന് എന്തെങ്കിലും അധിക വിഹിതം എടുക്കേണ്ടതും വിതരണം ചെയ്യേണ്ടതുമായി വന്നാൽ, കരാറുകാരൻ ടി ജോലികൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്. അത്യാവശ്യ സാഹചര്യങ്ങളിൽ നിലവിലുള്ള കരാറുകാരൻ മുഖേനയോ അല്ലെങ്കിൽ മറ്റ് മാർഗങ്ങളിലൂടെയോ അത് നടപ്പിലാക്കാനുള്ള അവകാശവും സപ്ലൈകോയിൽ നിക്ഷിപ്തമാണ്. ഓരോ താലൂക്കുമായും ബന്ധപ്പെട്ട എഫ്സിഐ/സിഎംആർ ഗോഡൗണുകളുടെയും , ഓരോ താലൂക്കിന് കീഴിലുള്ള റേഷൻ കടകളുടെയും (FPS) വിശദാംശങ്ങൾ സപ്ലൈകോ താലൂക്ക് ഡിപ്പോ/സപ്ലൈകോ എൻഎഫ്എസ്എ ഡിപ്പോകളിൽ ലഭ്യമാണ്.

**16. <u>നിരക്കുകൾ</u>**

പാരഗ്രാഫ് I- ൽ വിവരിച്ചിരിക്കുന്ന ജോലികൾക്ക് / കരാറിന്റെ മുഴുവൻ കാലയളവിലേക്ക് **ഒരു ക്വിന്റലിന്** നിരക്ക് (എത്ര രൂപ ) രേഖപ്പെടുത്തേണ്ടതാണ് . രേഖപ്പെടുത്തുന്ന നിരക്കുകൾ റേഷൻ സാധനങ്ങൾ ട്രാൻസ്പോർട്ടേഷൻ ,കൈകാര്യം ചെയ്യുന്നതിനുമുള്ള ചെലവുകൾ എന്നിവ ഉൾപ്പടെ താഴെ ചേർക്കും പ്രകാരമായിരിക്കണം:-

(1) FCI / CMR ഗോഡൗണുകളിൽ നിന്നും സപ്ലൈക്കോ താലൂക്ക് NFSA ഗോഡൗണുകളിലേക്കും

(2) താലൂക്ക് എൻഎഫ്എസ്എ ഡിപ്പോ ഗോഡൗണുകളിൽ നിന്നും താലൂക്കിലെ റേഷൻ കടകളിലേക്കും .

**രേഖപ്പെടുത്തുന്ന നിരക്കുകളിൽ തൂക്കം, ലോഡിംഗ്, അൺലോഡിംഗ് ചാർജുകൾ, നികുതികൾ, ലെവികൾ മുതലായവയും കൂടാതെ ഗവൺമെന്റ് കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും സർക്കുലറുകൾക്കും അനുസൃതമായി പ്രാദേശികമായി നിലവിലുള്ള മറ്റ് ചാർജ്ജുകളും ഉൾപ്പെടുന്നതായിരിക്കണം. ഒരു സാഹചര്യത്തിലും രേഖപ്പെടുത്തിയ /സമ്മതിച്ച**

**നിരക്കുകൾ അല്ലാതെ മറ്റ് നിരക്കുകൾ അനുവദിക്കില്ല.**

ടെൻഡറർ ഓഫർ ചെയ്യുന്ന നിരക്കുകൾ കൊമേഴ്സ്യൽ ബിഡിൽ **ഓൺലൈനായി** www.etenders.kerala.gov.in എന്ന ഫോമിൽ പ്രത്യേകം നൽകണം:-

(1) **താലൂക്ക് എൻ.എഫ്.എസ്.എ ഡിപ്പോകളിൽ നിന്നും താലൂക്കിലെ റേഷൻ കടകളിലേക്ക് - (ഷെഡ്യൂൾ -II) -** എൻ.എഫ്.എസ്.എ ഡിപ്പോകളിൽ നിന്ന് **റേഷൻ കടകളിലേക്ക്** (എഫ്.പി.എസിലേക്ക്) കൊണ്ടുപോകുന്ന തിലേക്ക് ടെൻഡറർമാർ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന എല്ലാ ദൂര സ്ളാബുകളിലും നിരക്ക് രേഖപ്പെടുത്തേണ്ടത് അഭികാമ്യമാണ് . ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ദൂര സ്ലാബിന് നിരക്കുകൾ രേഖപ്പെടുത്താതിരുന്നാൽ തൊട്ടു താഴെയുള്ള കുറഞ്ഞ ദൂര സ്ലാബിൽ രേഖപ്പെടുത്തിയ നിരക്കുകൾ മുകളിലുള്ള ദൂര സ്ലാബുകളുടെയും നിരക്കുകളായി കണക്കാക്കും. റേഷൻ കടകളിലേക്കുള്ള ഗതാഗത കൈകാര്യ നിരക്കുകൾ എൻഎഫ്എസ്എ ഡിപ്പോയിൽ നിന്ന് റേഷൻ കടകളിലേക്ക് ബന്ധപ്പെട്ട ജില്ലാ കളക്ടർ അംഗീകരിച്ച ഏറ്റവും കുറഞ്ഞ ദൂരം അടിസ്ഥാനമാക്കിയാണ് . കിലോമീറ്റർ ദൂരം എന്നത് താലൂക്ക് എൻഎഫ്എസ്എ ഡിപ്പോകളിൽ നിന്ന് റേഷൻ കടകളിലേക്കുള്ള (FPS)ദൂരമാണ് . അതായത് ഒരു വശത്തേക്കുള്ള ദൂരം , മടക്ക ദൂരം ഉൾപ്പെടുന്നില്ല. ഓരോ താലൂക്ക് ഗോഡൗണിന്റെയും ലൊക്കേഷനും ഓരോ താലൂക്കിന്റെ കീഴിലുള്ള റേഷൻ കടകളുടെ വിശദാംശങ്ങളും സപ്ലൈകോ താലൂക്ക് ഡിപ്പോകളിൽ ലഭ്യമാണ്.

(2) **FCI ഡിപ്പോകളിൽ നിന്നും താലൂക്ക് എൻഎഫ്എസ്എ ഡിപ്പോയിലേക്ക് (ഷെഡ്യൂൾ - III)** - FCIയിൽ നിന്ന് എൻഎഫ്എസ്എ ഡിപ്പോയിലേക്കുള്ള ഗതാഗതത്തിനായി ടെൻഡർ സമർപ്പിക്കുന്നവർ ഷെഡ്യൂൾ III-ൽ കാണിച്ചിരിക്കുന്ന എല്ലാ FCI ഡിപ്പോകളിൽ നിന്നുമുള്ള നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

(3) **CMR മില്ലുകളിൽ നിന്നും താലൂക്ക് NFSA ഡിപ്പോയിലേക്ക് (ഷെഡ്യൂൾ –IV)** - CMR മില്ലിൽ നിന്ന് എൻഎഫ്എസ്എ ഡിപ്പോയിലേക്കുള്ള ഗതാഗതത്തിനായി ടെൻഡർ സമർപ്പിക്കുന്നവർ ഷെഡ്യൂൾ IV-ൽ കാണിച്ചിരിക്കുന്ന എല്ലാ CMR **മില്ലുകളിൽ** നിന്നുമുള്ള നിരക്കുകൾ രേഖപ്പെടുത്തേണ്ടതാണ്.

കുറിപ്പ്:- ഓരോ എഫ്സിഐ/സിഎംആർ ഗോഡൗണുകളിൽ നിന്നും താലൂക്ക് എൻഎഫ്എസ്എ ഡിപ്പോ ഗോഡൗണിലേക്ക് ഒരു ക്വിന്റൽ (Per Quintal)അടിസ്ഥാനമാക്കിനിരക്കുകൾരേഖപ്പെടുത്തേണ്ടതാണ് . സംസ്ഥാനത്തെ എഫ്സിഐ ഗോഡൗണുകൾ Annexure - II ആയും സിഎംആർ ഗോഡൗൺ ലൊക്കേഷനുകൾ Annexure-III ആയും ലിസ്റ്റ് ചെയ്തിട്ടുണ്ട്.

## 17. <u>ടെൻഡർ തീർപ്പാക്കൽ :</u>

ഓരോ സ്ഥലത്ത് നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് (L1) ക്വോട്ട് ചെയ്ത ടെൻഡററുമായി ചർച്ച (Negotiation) നടത്താനുള്ള അവകാശം സപ്ലൈകോയിൽ നിക്ഷിപ്തമാണ്. എഫ്സിഐ/സിഎംആർ ഗോഡൗണുകളിൽ നിന്ന് താലൂക്ക് എൻഎഫ്എസ്എ ഡിപ്പോ ഗോഡൗണിലേക്ക് കൊണ്ടുപോകുന്നതിനുള്ള കരാറുകാരെ തിരഞ്ഞെടുക്കുന്നത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് അടിസ്ഥാനമാക്കിയാണ്. എൻഎഫ്എസ്എ ഡിപ്പോകളിൽ നിന്ന് റേഷൻ കടകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള കോൺട്രാക്ടർമാരുടെ കാര്യത്തിൽ, Theoretical requirement അടിസ്ഥാനമാക്കി ഒരു മാസത്തേക്ക് എൻഎഫ്എസ്എ ഡിപ്പോയിൽ നിന്ന് റേഷൻ കടകളിലേക്ക് കൊണ്ടുപോകുന്നതിനുള്ള മൊത്തം ചെലവ് കണക്കാക്കുകയും അപ്രകാരം ഏറ്റവും കുറഞ്ഞ തുക ലഭ്യമാകുന്ന കരാറുകാരനെ (എൽ1) ആയി കണക്കാക്കുകയും ചെയ്യും. വ്യത്യസ്ത സ്ലാബുകളിലെ നിരക്ക് കുറയ്ക്കുന്നതിന് L1- മായി ചർച്ച (negotiation)ചെയ്യാനുള്ള അവകാശം സപ്ലൈകോയിൽ നിക്ഷിപ്തമാണ് . അവശ്യ സാഹചര്യങ്ങളിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്കായി ചെലവിനങ്ങളും മറ്റ് ഘടകങ്ങളും കണക്കിലെടുത്ത് ഒന്നിലധികം കരാറുകാരെ തിരഞ്ഞെടുക്കാനുള്ള അവകാശവും സപ്ലൈകോയിൽ നിക്ഷിപ്തമാണ്.

ഏതെങ്കിലും വിഭാഗത്തിൽ L1 ആയവർ ഏകപക്ഷീയമായി പിന്മാറുകയാണെങ്കിൽ, അത്തരക്കാരെ അതേ താലൂക്കിലെ L1 ആയ പ്രകാരമുള്ള മറ്റ് വിഭാഗങ്ങളിലെ കരാർ ജോലികൾക്ക് പരിഗണിക്കുകയില്ല . കൂടാതെ മുകളിലെ ക്ലോസ് II(6) പ്രകാരം അയാൾ അടച്ച EMD കണ്ടുകെട്ടുന്നതുമാണ്. ഇപ്രകാരം പിന്മാറുന്നവർ 25 ലക്ഷം രൂപ പിഴ ഒടുക്കിയതിന് ശേഷം മാത്രമേ മറ്റേതെങ്കിലും താലൂക്കുകളിൽ L1 ആയി യോഗ്യത നേടിയാൽ ടെൻഡർ അനുവദിച്ച് നൽകുകയുള്ളൂ .

കരാറുകാരനെ തിരഞ്ഞെടുത്തതിന് ശേഷം, കരാർ കാലയളവിൽ എഫ്സിഐ/സിഎംആർ ഗോഡൗണിന്റെ, സപ്ലൈകോ ഗോഡൗണിന്റെ സ്ഥാനത്ത് എന്തെങ്കിലും മാറ്റമോ കൂട്ടിച്ചേർക്കലോ/ഇല്ലാതാക്കലോ ഉണ്ടായാൽ, അത്തരം സ്ഥലങ്ങളിലെ ട്രാൻസ്പോർട്ടേഷൻ നിരക്ക് എഫ്സിഐ/സിഎംആർ മില്ലുകളിൽ നിന്നുള്ള ദൂരം , നിലവിലെ അംഗീകൃത / സമ്മതിച്ച നിരക്ക് മുതലായവ പരിഗണിച്ചായിരിക്കും . പുതിയ / അധിക ഗോഡൗൺ വേണ്ടി വരുന്ന പക്ഷം ആയത് നിലവിലുള്ള ഗോഡൗണിൽ നിന്ന് അഞ്ച് കിലോമീറ്ററിനുള്ളിൽ ആണെങ്കിൽ, നിരക്കുകൾ വർധിപ്പിക്കുന്നതിനുള്ള ഒരു അപേക്ഷയും സപ്ലൈകോ സ്വീകരിക്കില്ല. അത്തരം സന്ദർഭങ്ങളിൽ, FCI ഗോഡൗണിൽ/CMR മില്ലുകളിൽ നിന്ന് നിലവിലുള്ള ഗോഡൗണിലേക്ക് റേഷൻ സാധനങ്ങൾ ലിഫ്റ്റ് ചെയ്യുന്നതിന് പരസ്പരം അംഗീകരിച്ച ഗതാഗത നിരക്ക് പുതിയ/അധിക ഗോഡൗണുകൾക്ക് ബാധകമായിരിക്കും. നിലവിലുള്ള ഗോഡൗണും പുതിയ/അധിക ഗോഡൗണും തമ്മിലുള്ള ദൂരം 5 കിലോമീറ്റർ കവിയുകയും FCI/CMR മില്ലുകളിൽ നിന്ന് പുതിയ/അധിക ഗോഡൗണിലേക്കുള്ള ദൂരം, FCI/CMR മില്ലുകളിൽ നിന്ന് നിലവിലുള്ള ഗോഡൗണിലേക്കുള്ള ദൂരത്തേക്കാൾ കുറവാണെങ്കിൽ, നിലവിലുള്ള ഗതാഗത നിരക്കുകൾ കുറയ്ക്കുന്നതിന് സപ്ലൈക്കോയിൽ അവകാശം നിക്ഷിപ്തമാണ്. നിലവിലുള്ള ഗോഡൗണും പുതിയ/അധിക ഗോഡൗണും തമ്മിലുള്ള ദൂരം 5 കിലോമീറ്ററിൽ കൂടുതലും , എന്നാൽ FCI/CMR മില്ലുകളിൽ നിന്ന് പുതിയ/അധിക ഗോഡൗണിലേക്കുള്ള ദൂരം FCI/CMR മില്ലുകളിൽ നിന്ന് നിലവിലുള്ള ഗോഡൗണിലേക്കുള്ള ദൂരത്തേക്കാൾ കൂടുതലുമാണെങ്കിൽ , നിലവിലുള്ള ട്രാൻസ്പോർട്ടിംഗ് കരാറുകാരുമായി പരസ്പര ചർച്ച/ചർച്ചകളിലൂടെ ധാരണാ നിരക്കിൽ എത്തിച്ചേരുകയും സമവായത്തിലെത്താൻ കഴിയുന്നില്ലെങ്കിൽ, ടെൻഡറിൽ പങ്കെടുത്ത അടുത്ത ട്രാൻസ്പോർട്ടിംഗ് കരാറുകാരനുമായി നിരക്ക് സംബന്ധിച്ച് ചർച്ച നടത്തുകയും ചെയ്യും . ഇപ്രകാരം ഒരു ധാരണയിലുമെത്തുവാൻ സാധിച്ചില്ലെങ്കിൽ റീടെൻഡർ നടപടികൾ ചെയ്യുന്നതിനുള്ള അവകാശം സപ്ലൈകോയിൽ നിക്ഷിപ്തമായിരിക്കും . NFSA ഡിപ്പോയിൽ നിന്ന് FPS-ലേക്കുള്ള ഗതാഗതത്തിനായി, കരാറിന്റെ കാലാവധിയിൽ ഗോഡൗണിലോ/ FPS-ലോ എന്തെങ്കിലും മാറ്റമോ കൂട്ടിച്ചേർക്കലോ ഇല്ലാതാക്കലോ ഉണ്ടെങ്കിൽ, ദൂര സ്ലാബിൽ രേഖപ്പെടുത്തിയ നിരക്കുകൾ (പുതുക്കിയ ദൂരം പ്രകാരം) ബാധകം ആയിരിക്കും.

**18. <u>ഗതാഗതം</u> :** .

ഫസ്റ്റ് പാർട്ടിക്ക് വേണ്ടിയുള്ള (സപ്ലൈകോ) റേഷൻ സാധനങ്ങൾ എഫ്സിഐ/സിഎംആർ ഗോഡൗണുകളിൽ നിന്ന് വിട്ടെടുത്ത് സപ്ലൈകോ വിജ്ഞാപനം ചെയ്ത ഗോഡൗണുകളിലും FPSന്റെ വാതിൽപ്പടികളിലും എത്തിക്കണം. സപ്ലൈകോ നിശ്ചയിച്ചിട്ടുള്ള ഡെലിവറി ഷെഡ്യൂളുകൾ അനുസരിച്ച് സ്റ്റോക്കുകളുടെ ശരിയായ ട്രാൻസ്പോർട്ടേഷനും ഡെലിവെറിയും നടത്തുന്നതിലുള്ള പൂർണ്ണ ഉത്തരവാദിത്തം ട്രാൻസ്പോർട്ട് കരാറുകാരനിൽ മാത്രമായിരിക്കും.

ടെൻഡറിൽ പങ്കെടുക്കുന്നതിന് ട്രാൻസ്പോർട്ടർ/ ടെൻഡറർ /സ്ഥാപനം എന്നിവയ്ക്ക് കുറഞ്ഞത് 10 ഗുഡ്സ് കാരിയർ വാഹനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തത് കൈവശം (കുറഞ്ഞത് 5 ഹെവി ഗുഡ്സ് വാഹനങ്ങൾ (ടിപ്പർ ലോറികൾ ഒഴികെ) ഉണ്ടായിരിക്കണം, ടെൻഡറിൽ പങ്കെടുക്കുന്നതിന് അതിൽ 4 ഹെവി ഗുഡ്സ് വാഹനങ്ങൾ(ടിപ്പർ ലോറികൾ ഒഴികെ) സ്വന്തം ഉടമസ്ഥതയിലായിരിക്കണം . സ്ഥാപനങ്ങളുടെ കാര്യത്തിൽ മാനേജിംഗ് പാർട്ണറുടെ / പങ്കാളികളുടെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ പരിഗണിക്കാവുന്നതാണ് . **ഷെഡ്യൂൾ-1- ൽ നിർദ്ദിഷ്ട ഫോർമാറ്റിൽ വാഹനങ്ങളുടെ ലിസ്റ്റും, അപ്രകാരമുള്ള** വാഹനങ്ങളുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ **സ്കാൻ ചെയ്ത പകർപ്പുകളും**

